**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1247** **01-02-2024 - ൽ മറുപടിയ്ക്ക്**

**കോവളം വെള്ളായണി കായൽ റോഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവളം വെള്ളായണി കായൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ കിഫ്‌ബി മരവിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കോവളം - വെള്ളായണി കായൽ റോഡിന്റെ (ആഴകുളം- മുട്ടക്കാട്-പനങ്ങോട്-കാട്ടുവിള തെറ്റിവിള റോഡ്) പദ്ധതി പ്രവർത്തനങ്ങൾ 8കിഫ്‌ബി താല്ക്കാലികമായി മാറ്റിവച്ചിട്ടുണ്ട്. സ്ഥലപരിമിതിയുടെയും, കിഫ്‌ബി മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയുന്നില്ലെന്നതുമായ കാരണങ്ങളാൽ കിഫ്‌ബിയുടെ ഉന്നതല ബോർഡിന്റെ തീരുമാനപ്രകാരമാണ് ടി പദ്ധതി താൽക്കാലികമായി മരവിപ്പിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത റോഡിന്റെ അലൈൻമെന്റും രൂപരേഖയും തയ്യാറാക്കിയത് ഏത് ഏജൻസിയാണ്; പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (ബി) | പ്രസ്തുത റോഡിന്റെ രൂപരേഖ തയ്യാറാക്കിയത് പൊതുമരാമത്ത് നിരത്തു വിഭാഗമാണ്. ടി പ്രവൃത്തിയ്ക്ക് കിഫ്‌ബിയുടെ സാമ്പത്തിക അനുമതി ലഭിയ്ക്കുകയും RITES മുഖേന Design review ചെയ്യുകയും മാറ്റങ്ങൾ ഉൾപ്പെടുത്തിയ അലൈൻമെന്റ് അംഗീകരിക്കുകയും ചെയ്തു. അതുപ്രകാരം 6(1) വിജ്ഞാപനം പ്രസിദ്ധീകരിച്ച് കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കല്ലിടൽ പ്രവൃത്തിയ്ക്കായി 13,37,458/- രൂപ ചെലവഴിച്ചു. LA കണ്ടിജൻസി ചാർജായി 50,00,000/- രൂപ കിഫ്‌ബിയിൽ നിന്നും നൽകിയിട്ടുണ്ട്. |
| (സി) | റോഡ് നിർമ്മാണം മരവിപ്പിച്ച നടപടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് റോഡ് ഫണ്ട് ബോർഡ് കിഫ്‌ബിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാകുമോ; | (സി) | പ്രസ്തുത പ്രവൃത്തി ഡഫർ ചെയ്ത നടപടി പുനപരിശോധിക്കുവാൻ പ്രത്യേകമായി കത്ത് നൽകിയിട്ടില്ല. |
| (ഡി) | പ്രസ്തുത റോഡിന്റെ നിർമ്മാണം മരവിപ്പിച്ചിട്ടുള്ളത് സാമ്പത്തിക പ്രതിസന്ധി മൂലമാണോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പദ്ധതി പ്രവർത്തനം ഡെഫർ ചെയ്തിട്ടുള്ള ഉത്തരവിൽ കിഫ്‌ബി മാനദണ്ഡം പാലിക്കുന്നത് സംബന്ധിച്ച് സാങ്കേതിക കാരണങ്ങളാൽ, കിഫ്‌ബിയുടെ ഉന്നതല ബോർഡിന്റെ തീരുമാനപ്രകാരമാണ് പദ്ധതി താൽക്കാലികമായി മരവിപ്പി ച്ചിരിക്കുന്നതെന്ന് വിശദമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ